(2) ഫൈൻ ആർട്സ് കോളേജുകളിൽ ആർട്സ് ഹിസ്റ്ററിയും ഈസ്തെറ്റിക്സും പഠിപ്പിക്കുന്ന ലക്ചറർമാരുടെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.

ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും അൻപത്തഞ്ചു ശതമാനത്തിൽ കുറയാത്ത മാർക്കോടെ ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ ഹിസ്റ്ററി ഓഫ് ആർട്സിൽ നേടിയ ബിരുദാനന്തര ബിരുദം.

(സി) ഗ്രാഫിക്സ് വിഭാഗത്തിൽ ലക്ചറർമാരുടെ രണ്ടൊഴിവുകളും ആർട്ട് ഹിസ്റ്ററി വിഭാഗത്തിൽ രണ്ടൊഴിവുകളും നിലവിലുണ്ട്.

(ഡി) ഫൈൻ ആർട്സ് കോളേജുകളിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റും യോഗ്യതകളും അനുബന്ധമായി † ചേർത്തിട്ടുണ്ട്. ഫൈൻ ആർട്സ് കോളേജുകളിലെ അനദ്ധ്യാപകർക്ക് മാത്രമായി പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുതലത്തിലുള്ള സീനിയോറിറ്റി ലിസ്റ്റാണുള്ളത്.

(ഇ) സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയൊന്നുമുണ്ടാകരുതെന്ന വ്യവസ്ഥയിന്മേലാണ് തിരുവനന്തപുരം ഫൈൻആർട്സ് കോളേജിൽ എം.എഫ്.എ. കോഴ്സ് അനുവദിച്ചത്. ആയതിനാൽ ടി കോഴ്സിനുവേണ്ടി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള അദ്ധ്യാപകർ തന്നെയാണ് എം.എഫ്.എ. കോഴ്സ് കൈകാര്യം ചെയ്യുന്നത്.

പാലക്കാട് ജില്ലയിലെ എച്ച്. എസ്. എ. (ഹിന്ദി) റാങ്ക് ലിസ്റ്റ്

163 [762] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എച്ച്. എസ്. എ. (ഹിന്ദി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ഇപ്പോൾ എത്ര എച്ച്. എസ്. എ. (ഹിന്ദി) തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റാങ്ക് ലിസ്റ്റ് കാലാവധി കഴിയും മുൻപ് ലിസ്റ്റിലുള്ള മുഴുവൻ പേരെയും നിയമിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എട്ട് പേർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുകയും എട്ട് പേർക്കും നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 7 തസ്തികകൾ. ഇതിൽ നിയമാനുസൃതം പി. എസ്. സി.-യെ അറിയിക്കേണ്ട രണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എസ്.സി. — 1
എസ്.ടി. — ഇല്ല.

(ഡി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി രണ്ടുപേർക്ക് നിയമനം നൽകിയിട്ടുണ്ട്. ബാക്കി ഒഴിവുകൾ പിന്നീട് ഉണ്ടായതാണ്.

(ഇ) റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ നിയമപ്രകാരം ലഭ്യമാകുന്ന ഒഴിവുകൾ പൂർണ്ണമായും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണം

164 [763] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗിനു വേണ്ടി ഈ സാമ്പത്തിക വർഷം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) സുനാമി ദുരന്തംമൂലം പ്രസ്തുത ഹാർബറിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര രൂപയ്ക്കുള്ള നഷ്ടമാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഹാർബറിനുണ്ടായ കേടുപാടുകൾ തീർക്കാൻ എത്ര രൂപയുടെ മതിപ്പു ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പ്രസ്തുത കാര്യത്തിനാവശ്യമായ എന്തെങ്കിലും നിർദ്ദേശം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ മെയിന്റനൻസ് ഡ്രഡ്ജിംഗിനായി ഈ വർഷം 12 ലക്ഷം രൂപയുടെ ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രാഥമിക റിപ്പോർട്ട് അനുസരിച്ച് ടി ഹാർബറിന് 250 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly